# Syro-Malabar Eparchy of St Thomas the Apostle, Melbourne

Prot. No. MPL 40/22/68

**സർക്കുലർ**

**യുക്രേനിയൻ ജനതക്കുള്ള സഹായം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

അതിദാരുണമായ യുദ്ധക്കെടുതിയിൽ വേദനിക്കുന്ന യുക്രേനിയൻ ജനതയെ സഹായിക്കാനുള്ള കടമ ലോകമനഃസാക്ഷിക്കുണ്ടെന്ന് ഫ്രാൻസിസ് പപ്പാ ആഹ്വാനം ചെയ്യുകയുണ്ടായി. നമ്മെപ്പോലെയുള്ള പൗരസ്ത്യ കത്തോലിക്കാസഭാ സമൂഹത്തിലെ സഹോദരരെ സഹായിക്കാൻ നമുക്ക് ഉത്തരവാദിത്തമുണ്ട്. ഇതിന് നമ്മുടെ രൂപതയിലെ വിശ്വാസികളെ ഞാൻ ക്ഷണിക്കുകയാണ്.

2022 മാർച്ച് 20 ഞായറാഴ്ച യുക്രേനിയൻ ജനതക്കുവേണ്ടി നമ്മുടെ എല്ലാ പള്ളികളിലും സമൂഹങ്ങളിലുംഎടുക്കുന്ന സ്തോത്രക്കാഴ്ച എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ബഹുമാനപ്പെട്ട അച്ചന്മാരെ ഞാൻ ചുമതലപ്പെടുത്തുന്നു. ഏവരുടെയും ഉദാരമായ സഹകരണം പ്രതീക്ഷിക്കുന്നു. യുദ്ധം അവസാനിക്കാനും സമാധാനം സംജാതമാകാനും അന്നത്തെ വിശുദ്ധ കുർബാനയിൽ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. നിങ്ങളുടെ നല്ല മനസ്സിന് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

+ ബോസ്കോ പുത്തൂർ

2022 മാർച്ച് 11

NB: ഈ സർക്കുലർ 2022 മാർച്ച് 13ന് (ഞായർ) പള്ളിയിൽ വായിക്കേണ്ടതാണ്.